MAHARAJA'S COLLEGE—ACCOMMODATION, ETC.

292. Mr. M. L. Joseph (*Latin Christians-Cranganur*): Will the Government be pleased to state:—

(1) whether the Government are aware that much money is wasted in the name of research in the College;

(2) whether the Government are aware that with sufficient economy of space more than double the number of students that are now in the College could be admitted;

(3) whether the Government are aware that there is great dissatisfaction over the exclusion of many Cochinites from admission into the Maharaja's College;

(4) in view of the starting of the Travancore University, will the Government be pleased to take steps to provide for larger number of admissions into the College from the next academic year onwards?

Rao Sahib I. N. Menon (*Director of Public Instruction*):

(1) No.

(2) It is not possible.

(3) Yes.

(4) It is not possible at present to take up the steps necessary as additional expenditure will be required.

POLICE PARADE AT MATTANCHERI.

293. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ടു് ഭയവായി മറുപടി പറയുമോ:—

(എ) കഴിഞ്ഞ ഇടവം ഇരുപത്തെട്ടാംതീയതിയിൽ കൊച്ചി സ്വദേശം ലേഖകൻ തലേദിവസം ഇരുപത്തേഴാംതീയതിയിലെഴുതിയിരുന്ന ലേഖനത്തിൽ പി. സി. നമ്പർ കാൺസ്റ്റബിളും തോക്കോടുകൂടി ഓടുവാൻ നിർബ്ബന്ധിതനായി എന്നും ഓടി ക്ഷീണിച്ചു മോഹാലസ്യപ്പെട്ട വീഴുകയാൽ അത്യാസന്ന നിലയിൽ ആസ്പത്രിയിൽ കൊണ്ടുപോയി എന്നും ആ കാൺസ്റ്റബിളെ ഓടിക്കുന്ന സമയം പോലീസ് ഡെപ്യൂട്ടി കമ്മീഷണരവർകളും സ്ഥലത്തു സന്നിഹിതനായിരുന്നുവെന്നും മറ്റും പറഞ്ഞിട്ടുള്ള സംഗതി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ

(ബി) ആ സംഗതിയിൽ ഗവൺമെണ്ടു് വല്ല അന്വേഷണമോ നടപടിയോ നടത്തീട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അവകൾ എന്തെല്ലാമെന്നും പറയുമോ;

(സി) ആ പോലീസ് കാൺസ്റ്റബിൾ കുമാരൻ ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇപ്പോൾ എവിടെ?

റാവുബഹദൂർ എം. നാരായണമേനോൻ:

(എ) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ഛ) അന്വേഷണം നടത്തി. ടി കാൺസ്റ്റബളിനെ മെഡിക്കൽ പരിശോധനക്കയച്ചതിൽ ടിയാനു" Myalgia എന്ന സുഖക്കേടു് ആയിരുന്നു എന്നും കണ്ടു.

(ന) ഉണ്ടു്, മട്ടാഞ്ചേരിയിൽ.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഈ സുഖക്കേടിന്റെ കാരണം ആ കോൺസ്റ്റബിനു തോക്കു ചുമലിൽവെച്ചു ഓടിയപ്പോൾ ശ്വാസംമുട്ടിയതു കൊണ്ടായിരിക്കയില്ലേ?

റാവുബഹദൂർ എം. നാരായണമേനോൻ: ഈ സുഖക്കേടു് മടിയന്മാരായ ആളുകൾക്കേ ബാധിക്കയുള്ളൂ. ശരിയായിട്ടു ഓടാതിരുന്നാൽ അവക്കേ ഇതു ബാധിക്കയുള്ളൂ.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഈ പരേഡിൽ ഈ കോൺസ്റ്റബളിനു മാത്രമേ ഈ സുഖക്കേടു് ബാധിച്ചുള്ളുവോ?

റാവുബഹദൂർ എം. നാരായണമേനോൻ: അതെ.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഇതു് മടിയന്മാക്കുണ്ടാകുന്ന സുഖക്കേടാണോ?

റാവുബഹദൂർ എം. നാരായണമേനോൻ: മടിയന്മാക്കുള്ള സുഖക്കേടാണു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഇങ്ങിനെ ഓടിക്കുവാനുണ്ടായ കാരണമെന്താണു്?

റാവുബഹദൂർ എം. നാരായണമേനോൻ: എല്ലാവരും വടക്കോട്ടു നോക്കിയപ്പോൾ ഈ ആൾ തെക്കോട്ടു നോക്കി. അപ്പോൾ ഇയാൾക്കു് കുറച്ചു ഉണർവ്വുണ്ടാകാൻ ഒരു ശിക്ഷയായി ഓടാൻ പറഞ്ഞു.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: ഈ ഓടിക്കൽ ഒരു ശിക്ഷയാണോ?

റാവുബഹദൂർ എം. നാരായണമേനോൻ: അപ്പോൾ അതൊരു ശിക്ഷയായിരുന്നു.

മിസ്റ്റർ കെ എസ്സു്. പണിക്കർ: ഈ സുഖക്കേടു് കണ്ടതിൽപിന്നെ രണ്ടാമതു ഓടിച്ചുവോ?

റാവുബഹദൂർ എം. നാരായണമേനോൻ: ഇല്ല. പിന്നെ ആശുപത്രിയിലേക്കു കൊണ്ടുപോയി.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: എത്ര ദിവസം കഴിഞ്ഞതിന്റെ ശേഷമാണു് അയാൾ ആശുപത്രിയിൽനിന്നു പോയതു്?

റാവുബഹദൂർ എം. നാരായണമേനോൻ: നാലു ദിവസം കഴിഞ്ഞതിനുശേഷം.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: അയാൾ ഇപ്പോൾ സർവ്വീസിലുണ്ടോ?

റാവുബഹദൂർ എം. നാരായണമേനോൻ: ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly